നം.എ3/1998/12 എസ്

എസ്.എ.പി.കമാണ്ടന്റിന്റെ ഓഫീസ്

തിരുവനന്തപും തീയതി 18.12.2012

**ബി.ഒ.നം.563/12 എസ്**

വിഷയം - പോലീസ് എസ്ററാ.1.1.1998 മുതൽ 31.12.11 വരെ ഹവിൽദാർ പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോരിററി ലിസ്ററ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ; 6.10.12 ലെ ഇതേ നം.നടപടി ക്രമം

***

സൂചന പ്രകാരം 1.1.98 മുതൽ 31.12.11 വരെ ഹവിൽദാർമാരായി പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥരുടെ കരട് സീനിയോരിററി ലിസ്ററ് പ്രസിദ്ധീകരിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളും ആയത് പരിഹരിച്ചതിന് അടിസ്ഥാനമാക്കിയിട്ടുളള വിവരങ്ങളും ചുവടെ കൊടുക്കുന്നു.

1. **നൗഷാദ്. ഹവിൽദാർ 6386** - ടിയാൻെറ ആദ്യപ്രൊമോഷൻ തീയതിയായ 8.3.96 മുതൽ സീനിയോരിററി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ടി പരാതിയിൽ അടിസ്ഥാനമുളളതിനാൽ ടി പരാതി ഇതിനാൽ പരിഹരിച്ചു ടിയാന് പട്ടികയിൽ യഥാസ്ഥാനം നൽകിയിരിക്കുന്നു.

2. **ശ്രീ രത്നസാം രാജ് , ഹവി.6391** ടിയാൻെറ പ്രൊമോഷൻ തീയതിയായ 28.5.96 മുതൽ സീനിയോരിററി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ടിയാന് ഇതോടൊപ്പം പുറപ്പെടുവിക്കുന്ന സീനിയോരിററി ലിസ്ററിൽ അപാകത പരിഹരിച്ച് അർഹമായ സ്ഥാനം നൽകിയിരിക്കുന്നു.

3. ററി.സി.സുരേഷ്കുമാർ, ഹവിൽദാർ 6576 ടിയാന് എ3/1998/12 തീയതി 16.5.12 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുളള സീനിയോരിററി ലിസ്ററിലെ സ്ഥാനം നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. രേഖകൾ പരിശോധിച്ച് അർഹതയുളളതാണെന്ന് കണ്ടതിനാൽ ടിയാന് അർഹിക്കുന്ന സ്ഥാനം നൽകിയിരിക്കുന്നു.

4. **സതീഷ്കുമാർ , ഹവിൽദാർ 6657** ടിയാൻെറ റഗുലറൈസേഷൻ തീയതി 31.8.98 എന്ന് തെററായി കാണിച്ചിട്ടുളളത് 30.8.98 ആയി തിരുത്തുന്നതിനായി ആവശ്യപ്പെട്ടിരിക്കുന്നു. രേഖകൾ പരിശോധിച്ച് ടി തെറ്റ് തിരുത്തിയിരിക്കുന്നു.

5. **അജയകുമാർ, ഹവിൽദാർ 7332** ടിയാൻെറ സ്ഥാനം തെററായി 75-ാം സ്ഥാനത്തായി നൽകിയിരിക്കുന്നതായും ടിയാന് അർഹതപ്പെട്ട സീനിയോരിററി , ഹവിൽദാർ 7151 മോഹിയുടെയും ഹവി.7155 നാലിംകുമറിൻെറയും ഇടയിൽ നൽകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ടിയാൻെറ പരാതി ശരിയാണെന്ന് കണ്ടതിനാൽ ടി തെററ് തിരുത്തി അർഹമായ സ്ഥാനത്ത് പട്ടികയിൽ ഉൾപ്പെടുത്തിരിക്കുന്നു.

6. **ജ്യോതി കുമാർ ,ഹവി.7532** ടിയാൻെറ സ്ഥാനം സീരിയൽ നം.84 ഹവിൽദാർ 7164 ന് ശേഷവും സീരിയൽ നം.85, ഹവി.7269 ന് മുൻപുമായി ലഭിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ആയത് പരിശോധിച്ച് ടയാന് അർഹതപ്പെട്ട സ്ഥാനം നൽകിയിരിക്കുന്നു.

7. **ലാൽ.എം.എസ് ഹവി.7518** ടിയാന് ബി.ഒ.നം.242/00 തീയതി 7.8.00, ബി.ഒ. നം.232/12 തീയതി 16.5.12 എന്നീ സീനിയോരിററി ലിസ്ററുകളിൽ ലഭ്യമായ സ്ഥാനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. രേഖകൾ പരിശോധിച്ച് ടിയാൻെറ പരാതി പരിഹരിച്ച് ടിയാന് പട്ടികയിൽ യഥാസ്ഥാനം നൽകിയിരിക്കുന്നു.

8. ഈ യൂണിററുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ പരാതികളും പരിഹരിച്ച് 1.1.98 മുതൽ 31.12.11 വരെയുള്ള ഹവിൽദാർ പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോരിററി ലിസ്ററ് ഇതിനാൽ അന്തിമമായി പ്രസിദ്ധീകരിക്കുന്നു.

ഒപ്പ്

കമാണ്ടന്റ് എസ്.എ.പി

വ്യക്തികൾക്ക് ഒസി മുഖാന്തിരം

എല്ലാ ആഫീസർ കമാണ്ടിംഗ്മാരും ഈ ലിസററ് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി അവരുടെ ഒപ്പ് രേഖപ്പെടുത്തി തിരിച്ചയക്കേണ്ടതാണ്.

പകർപ്പ് ; എസി മാർക്ക്

അംഗീകാരത്തോടെ

അഡ്മിനിട്രേററീവ് അസിസ്ററന്റ്, എസ്.എ.പി

29/12